സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC. 8269/11/P&SGRC

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
12/ 2/ 2016

## സർക്കുലർ

**വിഷയം:-** ദേവസ്വം ബോർഡ് ജീവനക്കാരുടെ ഗ്രൂപ്പ് സേവിംഗ്സ് ലിങ്ക്ഡ് ഇൻഷ്വറൻസ് സ്കീം സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ഗ്രൂപ്പ് സേവിംഗ്സ് ലിങ്ക്ഡ് ഇൻഷ്വറൻസ് സ്കീമിലേയ്ക്ക് ശമ്പളത്തിൽ നിന്നും പിടുത്തം വരുത്തി അയയ്ക്കുന്ന ചെക്കുകളിൽ തിരുത്തലുകൾ വരുത്തിയും, സ്റ്റേറ്റുമെന്റ് റ്റോട്ടൽ ചെയ്യാതെയും, ചെക്കിൽ ഒരു തുക യും സ്റ്റേറ്റുമെന്റിൽ മറ്റൊരുതുകയും രേഖപ്പെടുത്തിയും, സ്റ്റേറ്റു-മെന്റുകളിൽ ചെക്ക് നമ്പരും, തുകയും തീയതിയും രേഖപ്പെടു-ത്താതെയും, അതത് മാസം തന്നെ അയയ്ക്കാതെയും വളരെ അശ്രദ്ധമായി കൈകാര്യം ചെയ്ത് വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുള്ള താണ്. ആയത് അനാവശ്യ കത്തിടപാടുകൾക്കും താമസത്തിനും കാരണമായിവരുന്നുണ്ട്. ആകയാൽ പ്രസ്തുത ന്യൂനതകൾ വരുത്താതെ അതത് മാസം പത്താം തീയതിക്കകം തന്നെ സ്റ്റേറ്റുമെന്റുകളും ചെക്കുകളും ഈ ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇതിൻമേലുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഓഫീസ് മേലധികാരികളും ഉത്തരവാദികളാ യിരിക്കുമെന്നുള്ള വിവരം അറിയിക്കുന്നു.

സർക്കുലറിന്റെകൈപ്പറ്റ് വിവരം മടക്കതപാലിൽ അയയ്ക്കേണ്ടതാണ്.

ദേവസ്വം കമ്മീഷണർ

**പകർപ്പ്-**

1. സെക്രട്ടറി,തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. തിരുവാഭരണം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
4. ചീഫ് എഞ്ചിനീയർ(ജനറൽ)
5. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
6. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
7. കൾച്ചറൽ ഡയറക്ടർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
8. എക്സിക്യൂട്ടീവ് ഓഫീസർ,ശബരിമല
9. എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും
10. എല്ലാ അസിസ്റ്റന്റ് അക്കൗണ്ടാഫീസർമാർക്കും
11. എല്ലാ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർമാർക്കും
12. വിജിലൻസ് ഓഫീസർ,വൈക്കം,മാവേലിക്കര
13. ഓഫീസ് കോപ്പി
14. ഇ.ഡി.പി സെക്ഷൻ